

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 26. സ്വാമി വിവേകാനന്ദൻ

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ടീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


26 സ്വാമി വിവേകാനന്ദൻ . . . . . . . . . . . . . . . . . . . . 1

1 ശ്രീരാമകൃഷ്ണ പരമഹംസൻ . . . . . . 3

2 രാമകൃഷ്ണന്റെ ശിഷ്യൻ . . . . . . . . . 4

3 ഈശ്വരനിൽനിന്ന് മനുഷ്യനിലേക്ക് . 5

4 വിവേകാനന്ദന്റെ അദ്വൈതം . . . . . 6

5 സോഷ്യലിസത്തിലേയ്ക്ക് . . . . . . . . 7

# 26

## സ്വാമി വിവേകാനന്ദൻ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ മതപരിഷ്കരണ പ്രസ്ഥാനങ്ങളിൽ ഏറ്റവും സജീവവും ഏറ്റവും പുരോഗമനപരവുമായ നിലയിൽ പങ്കുവഹിച്ചത് സ്വാമി വിവേകാനന്ദനാണ്. ക്രിസ്തബ്ദം 1863-ൽ കൽക്കത്തയിൽ ഒരിടത്തരം കുടുംബത്തിൽ അദ്ദേഹം ജനിച്ചു. മാതാപിതാക്കൻമാർ നരേന്ദ്രൻ എന്നാണദ്ദേഹത്തെ വിളിച്ചിരുന്നത്. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ബ്രഹ്മസമാജത്തിന്റെ നവീനാശയങ്ങൾ അദ്ദേഹത്തെ ആകർഷിക്കുകയുണ്ടായി. 1881-ൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഒരുദിവസം തന്റെ അദ്ധ്യാപകരിൽ നിന്ന് കൽക്കട്ടയ്ക്കടുത്തുള്ള ദക്ഷിണേശ്വരത്ത് ശ്രീരാമകൃഷ്ണൻ എന്ന ഒരു പരമഹംസൻ ജീവിച്ചിരിക്കുന്നുണ്ടെന്നു മനസ്സിലാക്കി. പരമഹംസനെ ഒന്നു കാണാൻ വേണ്ടി അദ്ദേഹം ദക്ഷിണേശ്വരത്തെത്തി. അവിടെയുള്ള കാളീക്ഷേത്രത്തിൽ അൻപതു വയസ്സോളം പ്രായം ചെന്ന ഒരു ശാന്തിക്കാരനുണ്ടായിരുന്നു. ആ ശാന്തിക്കാരനായിരുന്നു പരമഹംസൻ.

# 1 ശ്രീരാമകൃഷ്ണ പരമഹംസൻ

വിവേകാനന്ദൻ അദ്ദേഹത്തിന്റെ മുമ്പിലേയ്ക്ക് പെട്ടെന്നൊരു ചോദ്യമെടുത്തെറിഞ്ഞു:

> ‘അങ്ങ് ഈശ്വരനെ കണ്ടിട്ടുണ്ടോ?

അമ്പരപ്പിക്കുന്ന ഒരു ചോദ്യം!

പരമഹംസൻ ശാന്തനായി മറുപടി പറഞ്ഞു:

> ‘ഉവ്വ്: ഞാൻ നിന്നെ കാണുന്നതുപോലെതന്നെ ഈശ്വരനേയും കാണുന്നു-കൂടുതൽ സ്പഷ്ടതയോടുകൂടി. ഈശ്വരനെ കാണാം; സാക്ഷാത്കരിക്കാം. പക്ഷേ, ഇതെല്ലാം ആർക്കുവേണം? ഭാര്യയ്ക്കും കുട്ടികൾക്കും സ്വത്തുക്കൾക്കും വേണ്ടി ആളുകൾ എത്ര ക്ലേശിക്കുന്നു, എത്ര കരയുന്നു? ഈശ്വരദർശനത്തിനുവേണ്ടി നിഷ്കളങ്കമായി കണ്ണുനീർ ചൊരിഞ്ഞാൽ ഈശ്വരനെ കാണാം.’

ഈ മറുപടി വിവേകാനന്ദന്റെ ഹൃദയത്തിൽ ചെന്നുതറച്ചു. പിന്നെ അധികം താമസമുണ്ടായില്ല. അദ്ദേഹം ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യത്വം സ്വീകരിക്കാൻ. ക്രിസ്തുബ്ദം 1881 ലാണിതുണ്ടായത്.

1857 ലെ സായുധകലാപത്തിനുശേഷം ബ്രിട്ടീഷ് ഭരണാധികാരികൾ വിവിധ മതാനുയായികളായ ജനവിഭാഗങ്ങളെ ഭിന്നിപ്പിച്ചു നിർത്താനും അവർക്കിടയിലുള്ള മതപരമായ മത്സരങ്ങളെ ആളിക്കത്തിക്കാനും ബോധപൂർവ്വം പരിശ്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ആ കാലത്താണ് ‘എല്ലാമതങ്ങളും ഒരേ വൃക്ഷത്തിന്റെ ശാഖകളാണ്’ എന്ന് പ്രഖ്യാപിച്ചുകൊണ്ട് ജനങ്ങളെ യോജിപ്പിക്കാനുതകുന്ന ഒരു തത്വശാസ്ത്രവുമായി ശ്രീരാമകൃഷ്ണൻ മുന്നോട്ടു വന്നത്. അദ്ദേഹം പറഞ്ഞു:

മതത്തിന്റെ പേരിൽ എല്ലാവരും വഴക്കടിക്കുന്നത് ഞാൻ കാണുന്നു. ഹിന്ദുക്കൾ, മുസൽമാൻമാർ, ബ്രാഹ്മണർ, ശാക്തൻമാർ, വൈഷ്ണവൻമാർ, ശൈവൻമാർ-എല്ലാവരും പരസ്പരം വഴക്കടിച്ചു കൊണ്ടിരിക്കുകയാണ്. അവരൊരിക്കലും ആലോചിക്കുന്നില്ല, കൃഷ്ണൻ എന്നുവിളിക്കപ്പെടുന്നവൻ തന്നെയാണ് ശിവൻ എന്നു; മൂലശക്തിയും യേശുവും അല്ലാഹും എല്ലാം അവൻ തന്നെയാണെന്ന്; ഒരേ രാമൻ ആയിരം പേരുകളോടുകൂടിയവനാണെന്ന്.

എഴുത്തും വായനയുമറിയാത്ത ഒരു സാധാരണക്കാരനായിരുന്നു ശ്രീരാമകൃഷ്ണൻ. എങ്കിലും അദ്ദേഹത്തിന്റെ നിഷ്കളങ്കതയും താത്വികമായ ഉൾക്കാഴ്ചയും ഒട്ടനവധി ബുദ്ധിജീവികളെ ദക്ഷിണേശ്വരത്തേയ്ക്കാകർഷിച്ചു. കേശവചന്ദ്രസെന്നിനെപ്പോലുള്ള പണ്ഡിതൻമാരും ബങ്കിംചന്ദ്രചാറ്റർജി, ഗിരീശ് ചന്ദ്രഘോഷ് തുടങ്ങിയ സാഹിത്യനായകൻമാരും അദ്ദേഹത്തിന്റെ ആരാധകൻമാരായി ത്തീർന്നു. വിവേകാനന്ദൻ വിവരിക്കുന്നു:

> ‘ഏറ്റവും അത്ഭുതകരമായ സംഗതി അദ്ദേഹം തന്റെ ജീവിത പ്രവർത്തനങ്ങൾ നടത്തിയത് പാശ്ചാത്യചിന്തകൾ കൊണ്ടുനിറഞ്ഞ ഒരു നഗരത്തിന്റെ തൊട്ടടുത്തായിരുന്നുവെന്നതാണ്. പാശ്ചാത്യാശയങ്ങളുടെ പിന്നാലെ ഭ്രാന്തുപിടിച്ചു പാഞ്ഞുകൊണ്ടിരിക്കുന്നതും ഇന്ത്യയിലെ മറ്റേതൊരു നഗരത്തേക്കാളും പാശ്ചാത്യവൽക്കരിക്കപ്പെട്ടതുമായ ഒരു നഗരമായിരുന്നു അത്. അവിടെ യാതൊരു പുസ്തകവായനയും കൂടാതെ അദ്ദേഹം ജീവിച്ചു; മഹാനായ ഈ ബുദ്ധിശാലി തന്റെ പേരെഴുതാൻ പോലും പഠിച്ചിരുന്നില്ല. എന്നാൽ നമ്മുടെ സർവ്വകലാശാലകളിലെ ഏറ്റവുമധികം പ്രഗത്ഭരായ ഗ്രാജ്വേറ്റുകൾ പോലും അദ്ദേഹത്തിൽ ഗംഭീരനായ ഒരു ബുദ്ധിജീവിയെയാണ് ദർശിച്ചത്.’

## 2 രാമകൃഷ്ണന്റെ ശിഷ്യൻ

വിവേകാനന്ദൻ തന്നെയും പ്രഗത്ഭനായ ഒരു ബുദ്ധിജീവിയായിരുന്നു. കോളേജിൽ വിദ്യാർത്ഥിയായിരുന്നു. കോളേജിൽ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ അദ്ദേഹം ആധുനിക ശാസ്ത്രങ്ങളിലും ലോകചരിത്രത്തിലും തത്വശാസ്ത്രങ്ങളിലും ആസാമാന്യമായ പാണ്ഡിത്യം നേടിക്കഴിഞ്ഞിരുന്നു. ലോകമുതലാളിത്തം വളരുകയും ഒരു ലോകമാർക്കറ്റ് പടർന്നുപിടിക്കുകയും ഇന്ത്യൻ മുതലാളിത്തം ആവിർഭവിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മുതലാളിത്തത്തിന്റേതായ നവീനാശയങ്ങൾ അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. ഫ്രിഞ്ചുവിപ്ലവത്തിന്റെ നേതാവായ റോബസ്പിയറെ അദ്ദേഹം ആരാധിച്ചു. നെപ്പോളിയനെ ബഹുമാനിച്ചു. കൊളമ്പിയയുടെ സ്വാതന്ത്ര്യ സമരത്തെ അഭിനന്ദിച്ചു. അദ്ദേഹത്തിന്റെ ലോകവീക്ഷണഗതി വിശാലമായിരുന്നു. ലോകത്തിന്റെ ഒരു ഭാഗമെന്ന നിലയ്ക്കുമാത്രമേ ഇന്ത്യയ്ക്കു പുരോഗതിയുണ്ടാവു എന്നും ലോകത്തിന്റെ ഒഴുക്കിനൊത്ത് ഇന്ത്യയും മുന്നോട്ടു പോകേണ്ടതാവശ്യമാണെന്നും അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം പറയുന്നു:

> ‘ലോകം മുഴുവനും ഒന്നിച്ച് അനുഗമിക്കാതെ യാതൊരു പുരോഗതിയും സാദ്ധ്യമല്ല. യാതൊരു പ്രശ്നത്തിനും വംശീയമോ ദേശീയമോ ഇടുങ്ങിയതോ ആയ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുക സാദ്ധ്യമല്ലെന്ന് ദിവസംതോറും ഏറെയേറെ വ്യക്തമായി വരികയാണ്.

ശ്രീരാമകൃഷ്ണന്റെ ശിഷ്യത്വം അദ്ദേഹത്തിന്റെ ജീവിതത്തിന് പുതിയൊരു അർത്ഥവും പുതിയൊരു ചൈതന്യവും നൽകി. മാഹാത്മ്യത്തിന്റെ കൊടുമുടിയിലേക്ക് കയറിപ്പോകാനാവശ്യമായ കരുത്തും ആത്മവിശ്വാസവും അദ്ദേഹത്തിനു ലഭിച്ചു.

1886-ൽ ശ്രീരാമകൃഷ്ണൻ ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ സന്ദേശം നാടുനീളെ പ്രചരിപ്പിക്കുകയും ജനങ്ങളെ സഹായിച്ച് ഉദ്ധരിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്വാമിവിവേകാനന്ദൻ ശ്രീരാമകൃഷ്ണമഠം എന്നൊരാശ്രമം സ്ഥാപിച്ചു. മഠത്തിന്റെ നേതൃത്വത്തിൽ രാമകൃഷ്ണന്റെ നിരവധി ശിഷ്യൻമാർ സജീവമായി ജനസേവനമാരംഭിച്ചു.

## 3 ഈശ്വരനിൽനിന്ന് മനുഷ്യനിലേക്ക്

ശ്രീരാമകൃഷ്ണന്റെ മരണത്തിനുശേഷം ഏതാണ്ട് അഞ്ചു കൊല്ലത്തോളം കാലം ഭിക്ഷയിൽനിന്നു ലഭിക്കുന്ന ഭക്ഷണം മാത്രം കഴിച്ചു കൊണ്ട് അദ്ദേഹം ഇന്ത്യയുടെ നാനാഭാഗങ്ങളിലും ചുറ്റിസഞ്ചരിച്ചു. ഇന്ത്യയുടെ നാനാത്വത്തിലുള്ള ഐക്യം എത്ര മഹത്തരമാണെന്നു മനസ്സിലാക്കാൻ ഈ സഞ്ചാരം അദ്ദേഹത്തെ സഹായിച്ചു. ജനങ്ങളുടെ ശക്തിയേയും ദൗർബല്യത്തേയും നേരിട്ടു കാണാൻ അദ്ദേഹത്തിനു സാധിച്ചു. ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾ അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും മുങ്ങിക്കിടക്കുകയാണെന്നും, ബ്രിട്ടീഷ് ഭരണംകൊണ്ടും ഉയർന്ന വർഗ്ഗക്കാരുടെ മർദ്ദനങ്ങൾ കൊണ്ടും അവരുടെ വ്യക്തിത്വം തകർന്നിരിക്കുന്നു എന്നും, അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു. അവർക്ക് ആത്മവിശ്വാസം നൽകുകയും അവരെ ഉദ്ധരിക്കുകയും ചെയ്യാതെ രാജ്യത്തിനു ഭാവിയില്ലെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. ജനങ്ങളുടെ പട്ടിണി മാറ്റുക, അവരുടെ മാന്ദ്യവും ദൗർബല്യങ്ങളും തീർക്കുക, സ്വന്തം കാലിൻമേൽ നിൽക്കാൻ അവരെ പ്രാപ്തരാക്കുക — ഇതുചെയ്യാത്ത മതംകൊണ്ട് എന്തു പ്രയോജനമാണ് എന്നദ്ദേഹം സ്വയം ചോദിച്ചു. ഇന്ത്യയ്ക്ക് മതമല്ല, ഭക്ഷണമാണ് കൂടുതൽ അത്യാവശ്യമായിട്ടുള്ളത് എന്നദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ,

> ‘അവർ നമ്മോടു ഭക്ഷണം ചോദിക്കുന്നു; പക്ഷേ, നമ്മളവർക്ക് കല്ലാണെറിഞ്ഞുകൊടുക്കുന്നത്. പട്ടിണികിടക്കുന്ന ഒരു ജനതയുടെ നേർക്ക് മതം നീട്ടിക്കാണിക്കുന്നത് അവരെ അപമാനിക്കലാണ്. പട്ടിണിക്കാരനെ മതതത്വങ്ങൾ പഠിപ്പിക്കാനൊരുങ്ങുന്നത് അവനൊരപമാനമാണ്.’

അവിശ്വാസികളുടെ ആത്മവിനെ രക്ഷിക്കാൻ പാടുപെടുന്ന മിഷനറിമാരോട് അദ്ദേഹം ചോദിച്ചു:

> ‘നിങ്ങൾ അവരുടെ ശരീരങ്ങളെ പട്ടിണിയിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കാത്തതെന്തുകൊണ്ടാണ്?’

ജനങ്ങളുടെയിടയിൽ പ്രചരിച്ച എല്ലാത്തരം ദൗർബല്യങ്ങളേയും അന്ധവിശ്വാസങ്ങളേയും ജാതിമേധാവിത്വത്തേയും തൊട്ടുകൂടായ്ക, തീണ്ടിക്കൂടായ്ക തുടങ്ങിയ അനാചാരങ്ങളേയും അദ്ദേഹം കഠിനമായി എതിർത്തു. അദ്ദേഹം പറഞ്ഞു:

> ‘നിങ്ങൾ അന്ധവിശ്വാസികളായ വങ്കൻമാരാവുകയെന്നതിനേക്കാൾ നിങ്ങളിലോരോരുത്തരും കൊടിയ നിരീശ്വരനായി കാണുകയാണെനിക്ക് കൂടുതലിഷ്ടം. എന്തുകൊണ്ടെന്നാൽ, നിരീശ്വരവാദി ജീവിച്ചിരിക്കുന്നു; അവനെക്കൊണ്ടെന്തെങ്കിലും സാധിക്കാം. നേരേമറിച്ച്, അന്ധവിശ്വാസം കടന്നു വരുമ്പോൾ തലച്ചോറു നശിച്ചുകഴിഞ്ഞു; മസ്തിഷ്കം മരവിക്കുകയാണ്; അധോഗതി ജീവനെ പിടികൂടിപ്പോയി.’

ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാനാണ് അദ്ദേഹം ഇടവിടാതെ പരിശ്രമിച്ചത്. ദുർബ്ബലനാവരുത്, ശക്തനാവുക; ഭീരുവാകരുത്, ധീരനായിരിക്കുക — ഇതായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം.

യാതൊന്നിനും തടുക്കുവാൻ വയ്യാത്തതും പ്രപഞ്ചത്തിന്റെ രഹസ്യങ്ങളിലേയ്ക്കും നിഗൂഢതകളിലേയ്ക്കും തുളഞ്ഞു ചെല്ലാൻ ത്രാണിയുള്ളതും ഏതുവിധത്തിലും സമുദ്രത്തിന്റെ അടിത്തട്ടിലേയ്ക്കിറങ്ങിച്ചെല്ലുകയും മരണത്തെ അഭിമുഖമായി എതിരിടുകയും ചെയ്യണമെന്നു വന്നാൽക്കൂടി — സോദ്ദേശ്യം നിറവേറ്റുന്നതുമായ മഹത്തായ ഇച്ഛാശക്തികൾ, ഇരുമ്പുപോലത്തെ മാംസപേശികൾ, ഉരുക്കുപോലത്തെ നാഡീഞരമ്പുകൾ — ഇവയാണ് നമ്മുടെ നാടിന് ഇപ്പോൾ ആവശ്യം.’

ഭിക്ഷാംദേഹിയായി ചുറ്റിസഞ്ചരിക്കുന്നതിനിടയിലാണ് ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഭൗതികാഭിവൃദ്ധിക്ക് തന്റെ മതവിശ്വാസങ്ങളിൽ ഉന്നതമായ ഒരു സ്ഥാനം നൽകണമെന്ന് അദ്ദേഹം തീരുമാനിച്ചത്. പിന്നീടെഴുതിയ ഒരു കത്തിൽ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി:

> ‘കന്യാകുമാരിയിൽ, കന്യാകുമാരി മാതാവിന്റെ ക്ഷേത്രത്തിൽ ഇന്ത്യയുടെ അറ്റത്തുള്ള ആ പാറക്കല്ലിൻമേൽ ഇരുന്നുകൊണ്ട് ഞാൻ ഒരു പരിപാടിയെപ്പറ്റി ആലോചിച്ചു. പലേടത്തും അലഞ്ഞുതിരിഞ്ഞുകൊണ്ട് ജനങ്ങൾക്ക് മതതത്വങ്ങൾ പഠിപ്പിച്ചുകൊടുക്കുന്ന സന്യാസികളായ നമ്മൾ വളരെയധികം പേരുണ്ട് — ഇത് തനി ഭ്രാന്താണ്. നമ്മുടെ ഗുരുദേവൻ നമ്മോടു പറയാറുണ്ടായിരുന്നില്ലേ, ‘ഒഴിഞ്ഞ വയർ മതത്തിനു പറ്റിയതല്ല’ എന്ന്? ദരിദ്രൻമാരായ ഈ ജനങ്ങൾ മൃഗങ്ങളുടേതായ ജീവിതം നയിക്കുന്നത് അജ്ഞത കൊണ്ടുമാത്രമാണ്. മറ്റുള്ളവർക്ക് നൻമ ചെയ്യാൻ ദൃഢനിശ്ചയം ചെയ്തിട്ടുള്ള നിസ്വാർത്ഥൻമാരായ ചില സന്യാസിമാർ ഗ്രാമംതോറും ചുറ്റിസഞ്ചരിച്ച് ഭൂപടങ്ങളും, ക്യാമറകളും, ഗ്ലോബുകളും അതുപോലുള്ള മറ്റുപകരണങ്ങളും ഉപയോഗിച്ചുകൊണ്ടും പ്രസംഗങ്ങൾ വഴിക്കും ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയും ചണ്ഡാളർ വരെയുള്ള എല്ലാവരുടേയും സ്ഥിതി നന്നാക്കാൻ പലവഴിക്കും പരിശ്രമിക്കുകയും ചെയ്താലെന്താണു തരക്കേട്? കാലക്രമത്തിലതു നല്ല ഫലമുളവാക്കില്ലേ? ഒരു രാഷ്ട്രമെന്നനിലയ്ക്ക് നമ്മൾ നമ്മുടെ വ്യക്തിത്വത്തെ കളഞ്ഞുകുളിച്ചിരിക്കുന്നു. ഇന്ത്യയിലെ എല്ലാകുഴപ്പങ്ങൾക്കും അതാണു കാരണം. നശിച്ചുപോയ വ്യക്തിത്വത്തെ രാഷ്ട്രത്തിനു മടക്കിക്കൊടുക്കുകയും ജനസാമാന്യത്തെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യേണ്ടിയിരിക്കുന്നു.’

ലോകത്തിൽ നിന്നകന്ന് ആത്മാവിന്റെ പുറംതോടിലേയ്ക്ക് ഉൾവലിയാൻ നോക്കുന്ന മിസ്റ്റിസിസം തുടങ്ങിയ ആദ്ധ്യാത്മിക ചിന്താഗതികളെ അദ്ദേഹം ആക്ഷേപിച്ചു. മനുഷ്യനായിരുന്നു അദ്ദേഹത്തിന്റെ മതത്തിലെ കേന്ദ്രബിന്ദു.

> ‘നമുക്ക് നമ്മിൽതന്നെയുള്ള വിശ്വാസവും ദേശീയമായ ഒരാത്മാഭിമാനവും, പാവങ്ങൾക്ക് ഭക്ഷണം നൽകാനും അവരെ അഭ്യസ്തവിദ്യരാക്കാനും അങ്ങനെ നമ്മുടെ ചുറ്റുപാടുമുള്ള കഷ്ടപ്പാടുകളെ ദൂരീകരിക്കാനുമുള്ള ശക്തി, ഇതെല്ലാം നമുക്കുണ്ടാക്കിത്തരുന്ന ഒരു മതമാണ് നമുക്കുവേണ്ടത്. നിങ്ങൾക്ക് ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ മനുഷ്യനെ സേവിക്കുക!’

ഇപ്രകാരം ദൈവത്തെ അന്വേഷിച്ചു കണ്ടുപിടിക്കാൻ പുറപ്പെട്ട സ്വാമിവിവേകാനന്ദൻ അവസാനം മനുഷ്യനിലാണ് ചെന്നെത്തിയത്! മനുഷ്യനിൽ ഈശ്വരനെ ദർശിക്കാനാണ് അദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടത്. പ്രപഞ്ചത്തിനപ്പുറത്ത് യാതൊരു ദൈവവുമില്ല, പ്രപഞ്ചം തന്നെയാണ് ബ്രഹ്മം, എന്നദ്ദേഹം ഉറപ്പിച്ചുപറഞ്ഞു:

> ‘ഈ പ്രപഞ്ചം പ്രപഞ്ചബാഹ്യനായ ഒരീശ്വരനാൽ സൃഷ്ടിക്കപ്പെട്ടതല്ല; പുറമെനിൽക്കുന്ന ഒരതിമേധാവിയുടെ കർമവുമല്ല. അതു സ്വയം സൃഷ്ടിക്കുകയും സ്വയം വിലയം പ്രാപിക്കുകയും ചെയ്യുന്ന ഏകകേവലസത്തയാണ്, ബ്രഹ്മമാണ്.’

## 4 വിവേകാനന്ദന്റെ അദ്വൈതം

എന്നിട്ടും താനൊരു ദൈവവിശ്വാസിയാണ് എന്നദ്ദേഹം സ്വയം വിശ്വസിച്ചു! ദൈവവിശ്വാസി മാത്രമല്ല, മതവിശ്വാസിയും! ഹിന്ദുമതത്തെപ്പറ്റിയാണ് അദ്ദേഹം എഴുതുകയും പ്രസംഗിക്കുകയും ചെയ്തത്.

താനൊരു വേദാന്തിയാണെന്ന് അദ്ദേഹം പലവുരു പ്രസ്താവിച്ചിട്ടുണ്ട്. ‘സോഹം’, ‘തത്വമസി’ മുതലായ ഉപനിഷദ് വാക്യങ്ങൾ അദ്ദേഹത്തെ വളരെയധികം ആവേശം കൊള്ളിക്കുകയുണ്ടായി. വേദാന്തത്തിലെ അദ്വൈതവാദത്തോടായിരുന്നു അദ്ദേഹത്തിനു കൂടുതൽ അഭിനിവേശം. എന്നാൽ, ശങ്കരാചാര്യരുടെ അദ്വൈതവാദം വിവേകാനന്ദന്റെ കൈയിലെത്തിയപ്പോൾ അതിന്റെ രൂപമാകെ മാറി. ശങ്കരന്റെ അദ്വൈതം നിശ്ചലമാണ്,നിത്യവും സ്ഥിരവുമാണ്. വിവേകാനന്ദന്റെ അദ്വൈതത്തിൽ ചൈതന്യവും ചലനാത്മകതയും നിറഞ്ഞുതുളുമ്പുന്നു. ‘ചലനമാണ് ജീവന്റെ അടയാളം’ എന്നദ്ദേഹം പ്രഖ്യാപിച്ചു. ശങ്കരന്റെ ഏറ്റവും രൂക്ഷമായ എതിർപ്പിനു പാത്രമായത് ക്ഷണികവാദിയായ ബുദ്ധനാണ്. എന്നാൽ, അതേ ബുദ്ധനെ ഒരു മാതൃകാപുരുഷനായിട്ടാണ് വിവേകാനന്ദൻ കണക്കാക്കിയത്. ശങ്കരൻ വേദാന്തത്തെ അദ്വൈതത്തിലൊതുക്കിനിർത്തിക്കൊണ്ട് മറ്റെല്ലാത്തരം തത്വചിന്തകളേയും എതിർത്തു. വിവേകാനന്ദനാകട്ടെ, ഇന്ത്യയുടെ എല്ലാ തത്വചിന്തകളേയും സമവായീകരിക്കാനും കൂട്ടിയിണക്കാനുമാണ് പരിശ്രമിച്ചത്. ശങ്കരന്റെ വേദാന്തം ആദ്ധ്യാത്മികതയുടെ പുറംതോടിലേക്ക് ഉൾവലിയലാണ്; വിവേകാനന്ദന്റേത് പ്രപഞ്ചത്തോളം വലുതാവലാണ്. മനുഷ്യലോകത്തെ മുഴുവൻ സ്വന്തം ആത്മാവായി കാണണമെന്നും ആ നിലയ്ക്കു പെരുമാറണമെന്നും ശാസിക്കുകയും മനുഷ്യന്റെ ഉൽകൃഷ്ടതയെ ആരാധിക്കുകയും ചെയ്യുന്ന വേദാന്തമാണത്. ‘പ്രായോഗിക വേദാന്തം’ എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതി:

> ‘സ്വർഗമോ നരകമോ ഉണ്ടായാലെന്ത്, ഇല്ലാതിരുന്നാലെന്ത്; ആത്മാവുണ്ടെങ്കിലെന്ത്, ഇല്ലെങ്കിലെന്ത്? മാറ്റമില്ലാത്ത ഒരു ശക്തി ഉണ്ടോ ഇല്ലയോ എന്നറിഞ്ഞിട്ടെന്തുവേണം? ലോകമിതാകിടക്കുന്നു. അത് കഷ്ടപ്പാട് നിറഞ്ഞതാണുതാനും. ബുദ്ധൻ ചെയ്തതുപോലെ ലോകത്തിലേയ്ക്കിറങ്ങിച്ചെല്ലുകയും ആ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ സമരം നടത്തുകയും ചെയ്യുക. അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിക്കുക. നിങ്ങൾ നിങ്ങളെത്തന്നെ മറക്കണം. ഇതാണ് ആദ്യമായി പഠിക്കാനുള്ള പാഠം. നിങ്ങൾ ദൈവ വിശ്വാസിയായാലും ശരി, നിരീശ്വരവാദിയായാലും ശരി; സംശയവാദിയായാലും കൊള്ളാം, വേദാന്തിയായാലും കൊള്ളാം; ക്രിസ്ത്യാനിയായാലും ശരി മുഹമ്മദീയനായാലും ശരി; എല്ലാവർക്കും വ്യക്തമാകുന്ന ഒരേയൊരു പാഠം സങ്കുചിതമായ ‘അഹന്തയെ’ നശിപ്പിക്കുകയും യഥാർത്ഥമായ വ്യക്തിത്വത്തെ കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ്.’

ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയുടെ മതപരവും ദാർശനികവുമായ വേരുറവകളിൽ നിന്ന് മഹത്തായ ഒരു ആത്മീയ പ്രവാഹത്തെ തുറന്നു വിട്ടുകൊണ്ട് ആധുനികജീവിതത്തിലെ മാലിന്യങ്ങളേയും ദൗർബല്യങ്ങളേയും കഴുകിക്കളയാനും അങ്ങനെ മനുഷ്യത്വത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തുവാനുമാണ് വിവേകാനന്ദൻ പരിശ്രമിച്ചത്.

ഇന്ത്യയിൽ വർണാശ്രമവ്യവസ്ഥയുടെ എന്നുവച്ചാൽ അടിമത്ത വ്യവസ്ഥയുടെ, അടിസ്ഥാനത്തിലുള്ള ഉൽപ്പാദനരീതി വളരാൻ തുടങ്ങിയ ഒരു കാലഘട്ടത്തിലാണ് ബാദരായണൻ ആദ്യമായി തന്റെ വേദാന്തസൂത്രങ്ങളെ രൂപവൽക്കരിച്ചത്. ശങ്കരാചാര്യർ ആ വേദാന്ത സൂത്രങ്ങൾക്ക് ഫ്യൂഡൽ ഉൽപ്പാദനരീതിക്കു യോജിച്ച ഒരു ഭാഷ്യമുണ്ടാക്കി.അതേ വേദാന്തത്തെ ആധുനിക മുതലാളിത്ത ഉൽപ്പാദനരീതിക്കു യോജിച്ച വിധത്തിൽ വ്യാഖ്യാനിക്കുകയും മാറ്റിമറിക്കുകയുമാണ് വിവേകാനന്ദൻ ചെയ്തത്.

ജവഹർലാൽ നെഹ്റു ‘ഇന്ത്യയെ കണ്ടെത്തൽ’ എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നു:

> ‘ഭൂതകാലത്തിൽ അടിയുറച്ചുനിൽക്കുകയും ഇന്ത്യയുടെ പാരമ്പര്യത്തിൽ അഭിമാനം തുളുമ്പുകയും ചെയ്യുന്നുവെങ്കിലും, വിവേകാനന്ദൻ ജീവിതപ്രശ്നങ്ങളെ സമീപിക്കുന്നിടത്ത് ഒരു ആധുനികനും ഇന്ത്യയുടെ ഭൂതവർത്തമാനങ്ങളെ ഇണക്കിനിർത്തുന്ന ഒരു പാലവുമാകുന്നു. അദ്ദേഹം ബംഗാളിയിലും ഇംഗ്ലീഷിലും ഒരൊന്നാന്തരം വാഗ്മിയാണ്. മനോഹരമായ ബംഗാളി ഗദ്യവും പദ്യവുംരചിക്കുന്ന എഴുത്തുകാരനുമാണ്. ആകാരം കൊണ്ട് ഒരുൽകൃഷ്ട മനുഷ്യൻ, പ്രൗഢൻ . നല്ല തന്റേടവും അന്തസ്സും നിറഞ്ഞുനിൽക്കുന്നു. തന്നെയും തന്റെ സ്വദേശത്തേയും കുറിച്ച് അശേഷം ചഞ്ചലിപ്പില്ല. അതേ സമയത്ത് തേജസ്വിയായ ഒരു പ്രസ്ഫുരൽ ചൈതന്യവും ഇന്ത്യയെ മുന്നോട്ടുനയിക്കുവാനുള്ള അത്യന്താഭിനിവേശവും തുള്ളിത്തുളുമ്പി നിൽക്കുകയും ചെയ്യുന്നു. ഉശിരുമങ്ങി ചുണകെട്ടുപോയ ഹൈന്ദവമനസ്സിന് ഒരു ചൈതന്യസന്ദായകമായ ഔഷധം പോലെ അദ്ദേഹം വന്നണഞ്ഞു. അതിന് ആത്മവിശ്വാസവും അതീതകാലങ്ങളിൽ അടിയുറച്ചു നിൽക്കാൻ ചില വേരുകളും നൽകി.’

## 5 സോഷ്യലിസത്തിലേയ്ക്ക്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും മുതലാളിത്തത്തിന്റെ നേട്ടങ്ങൾ മാത്രമല്ല, അതിന്റെ പിന്തിരിപ്പൻ സ്വഭാവങ്ങളും കൂടുതൽ കൂടുതൽ വ്യക്തമാകാൻ തുടങ്ങിയിരുന്നു. ഈ മാറ്റങ്ങൾ വിവേകാനന്ദന്റെ ആശയങ്ങളിലും പ്രത്യാഘാതങ്ങളുണ്ടാക്കി. 1893-ൽ ചിക്കാഗോയിൽവച്ച് കൂടിയ സർവ്വമത മഹാസമ്മേളനത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കുകൊള്ളാൻ വേണ്ടിയാണ് ആദ്യമായി അദ്ദേഹം അമേരിക്ക സന്ദർശിച്ചത്. അമേരിക്കയുടെ ആധുനികത അദ്ദേഹത്തെ ആകർഷിച്ചു. 'സ്വാതന്ത്ര്യത്തിന്റെ ജൻമഭൂമി' എന്നാണദ്ദേഹം ആ രാജ്യത്തെ സംബോധന ചെയ്തത്. ഇന്ത്യയുടെ ആത്മീയ സംസ്കാരത്തേയും അമേരിക്കയുടെ ഭൗതികസംസ്കാരത്തേയും കൂട്ടിയിണക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ ഒരു ദശാബ്ദത്തിനുശേഷം വീണ്ടും അമേരിക്ക സന്ദർശിച്ചപ്പോൾ സ്ഥിതി മാറിക്കഴിഞ്ഞിരുന്നു. അമേരിക്കയുടെ ഡോളർ മേധാവിത്വം അദ്ദേഹത്തെ ക്ഷുഭിതനാക്കുകയാണ് ചെയ്തത്. അമേരിക്കയുടെ സഹായത്തോടുകൂടി ഭാവിമനുഷ്യന് മോചനം നേടാൻകഴിയുമെന്ന് കരുതിയത് വ്യാമോഹമായിപ്പോയി എന്നദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു.

യൂറോപ്യൻ രാഷ്ട്രങ്ങളുടെ സാമ്രാജ്യദാഹം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു. നാലുഭാഗത്തുനിന്നും യുദ്ധത്തിന്റെ ഗന്ധമാണ് ഉയർന്നു കൊണ്ടിരിക്കുന്നത് എന്നും യൂറോപ്പാകെ ഒരു യുദ്ധക്കളമായി മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. യൂറോപ്പിൽ ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ മുതലാളിത്തത്തിന്റെ ദുഷ്ടതകളും ബീഭത്സതകളും കണ്ടു മനസുമടുത്ത പുതിയ വിപ്ലവാശയങ്ങളിൽ ആകൃഷ്ടരായി. ഇംഗ്ലണ്ടിൽ വച്ച് അദ്ദേഹം റഷ്യൻ വിപ്ലവകാരിയായ ക്രോപോട്കിനുമായി കൂടിക്കാഴ്ച നടത്തി. യൂറോപ്യൻ സോഷ്യലിസം അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. ഗിരിജാശങ്കർറായ് ചൗധരി എന്ന ഗ്രന്ഥകാരൻ 'വിവേകാനന്ദനും പത്തൊമ്പതാം നൂറ്റാണ്ടിലെ ബംഗാളും' എന്ന തന്റെ പുസ്തകത്തിൽ വിവേകാനന്ദന്റെ ദീർഘദർശിത്വം നിറഞ്ഞ ഈ പ്രസ്താവനയെ ഉദ്ധരിക്കുന്നു:

> 'ശൂദ്രത്വത്തോടൊപ്പം ശൂദ്രനു പ്രാധാന്യം ലഭിക്കുന്ന ഒരു കാലം വരും. ശൂദ്രതായ ധർമ്മകർമ്മങ്ങളോടൊപ്പം എല്ലായിടത്തും ശൂദ്രൻമാർ സമുദായത്തിൽ ഏകാധിപത്യം സ്ഥാപിക്കും. അതിന്റെ പ്രാരംഭങ്ങളാണ് പാശ്ചാത്യലോകത്തിൽ മെല്ലെമെല്ലെ ഉദിച്ചുയർന്നു കൊണ്ടിരിക്കുന്നത്. അതിന്റെ ഫലാഫലങ്ങളെക്കുറിച്ച് എല്ലാവരും വ്യാകുലരാണ്! ഈ വിപ്ലവത്തിന്റെ കൊടിയടയാളങ്ങളാണ് സോഷ്യലിസം, അനാർക്കിസം, നിഹിലിസം മുതലായ സമ്പ്രദായങ്ങൾ.'

വിവേകാനന്ദൻ ശൂദ്രൻമാരെന്നുവിളിച്ചത് ഒരു പ്രത്യേകജാതിയെയല്ല, അദ്ധ്വാനിക്കുന്ന ജനങ്ങളെയാണ്, എന്ന് ഇവിടെ എടുത്തുപറയേണ്ടതുണ്ട്.

അദ്ദേഹം പിന്നെയും എഴുതി:

> 'ഞാനൊരു സോഷ്യലിസ്റ്റായത്, അത് കുറ്റമറ്റ, പൂർണ്ണമായ, വ്യവസ്ഥയായതുകൊണ്ടല്ല. അപ്പം ഇല്ലാതിരിക്കുന്നതിനേക്കാൾ മെച്ചമാണല്ലോ ഒരപ്പത്തിന്റെ പാതി. മറ്റു സമ്പ്രദായങ്ങൾ പരീക്ഷിക്കപ്പെടുകയും അവയ്ക്കു പോരായ്മകളുണ്ടെന്നുകാണുകയും ചെയ്തുകഴിഞ്ഞു. ഇനി ഇതൊന്നു പരീക്ഷിച്ചുനോക്കുക-മറ്റൊന്നിനുമല്ലെങ്കിൽ അതിന്റെ പുതുമയ്ക്കു വേണ്ടിയെങ്കിലും.'

ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം സാധാരണജനങ്ങളിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം പതിന്മടങ്ങു വർദ്ധിച്ചു. അദ്ദേഹം പറഞ്ഞു:

> 'ഇന്ത്യയ്ക്കുള്ള ഒരൊറ്റ ആശാകേന്ദ്രം സാമാന്യജനങ്ങളാണ്. ഉയർന്ന വർഗ്ഗക്കാർ കായികമായും ധാർമ്മികമായും മരിച്ചു കഴിഞ്ഞു.'

ക്രിസ്ത്വബ്ദം 1902-ൽ, തന്റെ 39-ാമത്തെ വയസ്സിൽ അദ്ദേഹം ചരമം പ്രാപിച്ച സമയത്ത്, ഇന്ത്യയിൽ തൊഴിലാളി സംഘടനകളോ, തൊഴിലാളി പ്രസ്ഥാനമോ ശക്തിപ്പെട്ടുകഴിഞ്ഞിരുന്നില്ല. തൊഴിലാളി വർഗ്ഗം ആവിർഭവിച്ചു കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും ക്രാന്തദർശിയായ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

തൊഴിലാളികൾ പ്രവൃത്തി നിർത്തുകയാണെങ്കിൽ നിങ്ങൾക്ക് ഭക്ഷണം, തുണി മുതലായത് കിട്ടുന്നതും നിൽക്കും. എന്നിട്ടും നിങ്ങളവരെ താണവർഗ്ഗക്കാരായി കണക്കാക്കുകയും നിങ്ങളുടെ സ്വന്തം സംസ്കാരത്തിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു! ജീവിതം നിലനിർത്താൻ വേണ്ടിയുള്ള സമരങ്ങളിൽ കെട്ടുപിണഞ്ഞതുകൊണ്ട് ജ്ഞാനം സമ്പാദിക്കാൻ അവർക്ക് സന്ദർഭം ലഭിച്ചിട്ടില്ല. ഇത്ര കാലവും അവർ മനുഷ്യബുദ്ധിയിൽ നയിക്കപ്പെട്ടുകൊണ്ട്, ഒരേ മട്ടിൽ, യന്ത്രങ്ങളെപ്പോലെ പ്രവർത്തിച്ചുപോന്നു. അഭ്യസ്തവിദ്യരുടെ സമർത്ഥമായ വിഭാഗം അവരുടെ അദ്ധ്വാനത്തിന്റെ ഗണ്യമായ ഭാഗം എടുത്തുകൊണ്ടുപോന്നു. എല്ലാ രാജ്യങ്ങളിലും ഇതാണുണ്ടായത്. എന്നാൽ കാലം മാറിക്കഴിഞ്ഞിരിക്കുന്നു. താഴ്ന്നവർഗ്ഗക്കാർ പൊതുവിൽ ഇക്കാര്യത്തെപ്പറ്റി ബോധമുള്ളവരായിത്തീർന്നിരിക്കുകയാണ്. ഇതിനെതിരായി, തങ്ങളുടെ ന്യായമായ അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനുവേണ്ടി, അവർ ഒരൈക്യമുന്നണി രൂപവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഉയർന്നവർഗ്ഗക്കാർക്ക് ഇനിമേലിൽ എത്രതന്നെ ശ്രമിച്ചാലും താഴ്ന്ന വർഗ്ഗക്കാരെ അടിച്ചമർത്താൻ സാധിക്കുകയില്ല; ഉയർന്നവർഗ്ഗക്കാരുടെ ക്ഷേമം കിടക്കുന്നത് താഴ്ന്നവർഗ്ഗക്കാരെ, അവരുടെ ന്യായമായ അവകാശങ്ങൾ നേരിടുന്നതിനുവേണ്ടി സഹായിക്കുന്നതിലാണ്.'

എത്ര ശരി!

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ

1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്

### വെബ് പതിപ്പു കണ്ണികൾ

1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014